**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4449** **19-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ എസ്.സി. പ്രീമെട്രിക് ഹോസ്റ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിൽ എസ്.സി. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റൽ കുട്ടികൾ ഇല്ലാതെ അടച്ച് പൂട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടാമ്പി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന പ്രീമെട്രിക് ഹോസ്റ്റൽ ആവശ്യമായ എണ്ണം കുട്ടികൾ ഇല്ലാത്തതിനാൽ 19-7-2011 ന് പ്രവർത്തനം നിർത്തിയിരുന്നു. |
| (ബി) | ഈ ഹോസ്റ്റൽ കെട്ടിടം ഉപയോഗപ്പെടുത്താത്തത് മൂലം നശിക്കുന്നത് തടയാൻ വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത കെട്ടിടത്തിൽ പട്ടികജാതി വകുപ്പിന്റെ പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്ററോ മറ്റേതെങ്കിലും സ്ഥാപനമോ ആരംഭിക്കുന്നതിനുള്ള നടപടി പരിശോധിച്ചുവരുന്നു |
| (സി) | ഈ കെട്ടിടം പട്ടികജാതി വിഭാഗത്തിന് മുൻഗണനയുള്ള പോളിടെക്നിക്കായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൽ വകുപ്പ് എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് നൽകാമോ; | (സി) | ഈ കെട്ടിടം പട്ടികജാതി വിഭാഗത്തിന് മുൻഗണനയുള്ള പോളിടെക്ക്നിക്കിനായി ഉയർത്തണമെന്ന ആവശ്യം സ്ഥലം എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br><br>ടി കെട്ടിടത്തിൽ വകുപ്പിന്റെ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററോ ഐ.റ്റി.ഐയോ ആരംഭിച്ചാൽ ഉപയോഗപ്രദമാകുമെന്ന് വകുപ്പ് ഡയറക്ടർ അറിയിച്ചതിൻ പ്രകാരം ആയത് പരിശോധനയിലാണ്. |
| (ഡി) | പ്രസ്തുത വിഷയം സംബന്ധിച്ച് ജില്ലാ വികസന സമിതിയിൽ എം.എൽ.എ. ഉന്നയിച്ച പരാതിയിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (ഡി) | ഈ കെട്ടിടം പട്ടികജാതി വിഭാഗത്തിന് മുൻഗണനയുള്ള പോളിടെക്ക്നിക്കിനായി ഉയർത്തണമെന്ന ആവശ്യം സ്ഥലം എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br><br>ടി കെട്ടിടത്തിൽ വകുപ്പിന്റെ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററോ ഐ.റ്റി.ഐയോ ആരംഭിച്ചാൽ ഉപയോഗപ്രദമാകുമെന്ന് വകുപ്പ് ഡയറക്ടർ അറിയിച്ചതിൻ പ്രകാരം ആയത് പരിശോധനയിലാണ്. |
| (ഇ) | ഈ ഹോസ്റ്റൽ കെട്ടിടം നവീകരിച്ച് പട്ടികജാതി വിഭാഗത്തിന് മുൻഗണന നൽകികൊണ്ടുള്ള | (ഇ) | ഈ കെട്ടിടം പട്ടികജാതി വിഭാഗത്തിന് മുൻഗണനയുള്ള പോളിടെക്ക്നിക്കിനായി |

| | | | |
|---|---|---|---|
| | പോളിടെക്നിക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | ഉയർത്തണമെന്ന ആവശ്യം സ്ഥലം എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br><br>ടി കെട്ടിടത്തിൽ വകുപ്പിന്റെ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററോ ഐ.റ്റി.ഐയോ ആരംഭിച്ചാൽ ഉപയോഗപ്രദമാകുമെന്ന് വകുപ്പ് ഡയറക്ടർ അറിയിച്ചതിൻ പ്രകാരം ആയത് പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ